**ALL INDIA RADIO THIRUVANANTHAPURAM**

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 25.07.2025**

## പ്രധാനവാർത്തകൾ

1. ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി, മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസുവുമായി പ്രതിനിധി തല ചർച്ചകൾ നടത്തി.
2. വർഷകാല സമ്മേളനത്തിൻറെ അഞ്ചാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. ഇരുസഭകളും ഇന്നത്തേക്ക് പിരിഞ്ഞു. സഭയുടെ പ്രവർത്തനം സുഗമമാക്കുന്നതിനായി ഇന്ന് സർവകക്ഷിയോഗം ചേർന്നു.
3. സ്കൂൾ സമയമാറ്റത്തിൽ സർക്കാർ തീരുമാനവുമായി മുന്നോട്ട് പോകുമെന്ന് വിദ്യാഭ്യാസ മന്ത്രി വി.ശിവൻകുട്ടി. ഭൂരിഭാഗം സംഘടനകളും തീരുമാനത്തെ സ്വാഗതം ചെയ്തതായും മന്ത്രി.
4. സൗമ്യ വധക്കേസ് പ്രതി ഗോവിന്ദച്ചാമി ജയിൽചാടിയ സംഭവത്തിൽ കണ്ണൂർ സെൻട്രൽ ജയിലിലെ നാല് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. ഗോവിന്ദച്ചാമിയെ വിയ്യൂർ ജയിലിലേക്ക് മാറ്റും.
5. സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരും. ഏഴ് ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത.
6. മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് ബാറ്റിങ് പുരോഗമിക്കുന്നു.

RNU TVPM

***************************

## പ്രധാനമന്ത്രി മാൽദീവ്സ്

ദ്വിരാഷ്ട്ര പര്യടനം തുടരുന്ന പ്രധാനമന്ത്രി നരേന്ദ്രമോദി, മാൽദീവ്സ് പ്രസിഡൻറ് മുഹമ്മദ് മുയിസുവുമായി പ്രതിനിധി തല ചർച്ചകൾ നടത്തി. വിദേശകാര്യമന്ത്രി എസ് ജയശങ്കർ, ദേശീയ സുരക്ഷാ ഉപദേഷ്ടാവ് അജിത് ഡോവൽ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു. മാൽദീവ്സ് പ്രസിഡൻറുമായുള്ള പ്രധാനമന്ത്രിയുടെ ഉഭയകക്ഷി ചർച്ചയ്ക്ക് പിന്നാലെയാണ് പ്രതിനിധി തല സംഭാഷണം നടന്നത്. യുകെ പര്യടനം പൂർത്തിയാക്കി ഇന്ന് രാവിലെ മാൽദീവ്സിലെത്തിയ ശ്രീ മോദിയ്ക്ക് ഊഷ്മളമായ വരവേൽപാണ് ലഭിച്ചത്. ഗാർഡ് ഓഫ് ഓണറും, ഗൺ സല്യൂട്ടും നൽകിയാണ് പ്രധാനമന്ത്രിയെ മാൽദീവ്സ് വരവേറ്റത്. മാൽദീവ്സ് സ്വാതന്ത്ര്യപ്രാപ്തിയുടെ 60-ാം വാർഷികാഘോഷങ്ങളിൽ പ്രധാനമന്ത്രി നാളെ വിശിഷ്ടാതിഥിയായി പങ്കെടുക്കും. ഇരു രാജ്യങ്ങൾക്കുമിടയിലെ ഉഭയകക്ഷി ബന്ധം കൂടുതൽ ശക്തിപ്പെടുത്താൻ പ്രധാനമന്ത്രിയുടെ സന്ദർശനം അവസരമൊരുക്കും. അയൽപക്ക രാജ്യങ്ങൾക്ക് പ്രഥമ പരിഗണന നൽകുന്ന ഇന്ത്യൻ നയത്തിലും, മഹാസാഗർ ദർശനത്തിലും അതീവ പ്രാധാന്യമാണ് മാൽദീവ്സിനുള്ളത്.

RNU TVPM

*****************************

## പാർലമെൻറ്

വർഷകാല സമ്മേളനത്തിൻറെ അഞ്ചാം ദിവസവും പ്രക്ഷുബ്ധമായി പാർലമെൻറ്. പ്രതിപക്ഷ പ്രതിഷേധത്തെ തുടർന്ന് നടപടികൾ വേഗത്തിൽ പൂർത്തിയാക്കി ഇരു സഭകളും ഇന്നത്തേക്ക് പിരിഞ്ഞു. ബിഹാർ തീവ്ര വോട്ടർപട്ടിക പരിഷ്കരണം ഉൾപ്പെടെയുള്ള വിഷയങ്ങൾ ഉയർത്തിയായിരുന്നു പ്രതിപക്ഷ പ്രതിഷേധം. കാർഗിൽ യുദ്ധത്തിലെ ഇന്ത്യൻ സായുധ

സേനയുടെ ത്യാഗങ്ങളെ, കാർഗിൽ വിജയ് ദിവസിന് മുന്നോടിയായി, ലോക്സഭ അനുസ്മരിച്ചു. രാജ്യത്തിനായി ജീവൻ സമർപ്പിച്ച ധീര സൈനികരുടെ ത്യാഗങ്ങളെ രാജ്യം എക്കാലവും ഓർമിക്കുമെന്ന് ലോക്സഭാ സ്പീക്കർ ഓം ബിർള പറഞ്ഞു. പ്രശസ്ത നടൻ കമലഹാസൻ ഉൾപ്പെടെയുള്ള അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങിന് രാജ്യസഭ ഇന്ന് സാക്ഷ്യം വഹിച്ചു.
വർഷകാല സമ്മേളനത്തിൽ സഭയുടെ സുഗമമായ പ്രവർത്തനം ഉറപ്പുവരുത്താൻ ലോക്സഭാ സ്പീക്കർ ഓംബിർളയുടെ നേതൃത്വത്തിൽ ഇന്ന് സർവകക്ഷിയോഗം ചേർന്നു. ബിജെപി, കോൺഗ്രസ്, എസ്.പി, ജെഡിയു, ടിഎംസി ഉൾപ്പെടെയുള്ള കക്ഷി നേതാക്കൾ യോഗത്തിൽ പങ്കെടുത്തു.

***************************

## ശിവൻകുട്ടി (ഇൻട്രോ)

സ്കൂൾ സമയമാറ്റം സംബന്ധിച്ച് സർക്കാരിന്റെ തീരുമാനം ഭൂരിഭാഗം വരുന്ന സംഘടനകളും അനുകൂലിച്ചതായി മന്ത്രി വി ശിവൻകുട്ടി. ഈ വർഷം നിലവിൽ നിശ്ചയിച്ച രീതി തുടരുമെന്നും പുതിയ മാറ്റങ്ങൾ അടുത്ത അധ്യയന വർഷം പരിഗണിക്കുമെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

(ഹോൾഡ് - വോയിസ്)

***************************

## സുപ്രീം കോടതിയുടെ അനുമതി

നിയമസഭാ പാസാക്കിയ ബില്ലുകളിൽ ഗവർണർ തീരുമാനം വൈകിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് കേരളം സമർപ്പിച്ച ഹർജികൾ പിൻവലിക്കാൻ സുപ്രീം

RNUTVPM

കോടതി അനുമതി നൽകി. ഹർജി പിൻവലിക്കാനുള്ള സംസ്ഥാനത്തിൻറെ

നീക്കത്തിനെതിരെ കേന്ദ്രസർക്കാർ ഉയർത്തിയ വാദങ്ങൾ തള്ളിക്കൊണ്ടാണ് കോടതിയുടെ തീരുമാനം. ജസ്റ്റിസ് PS നരസിംഹ, ജസ്റ്റിസ് AS ചന്ദുർക്കർ എന്നിവരടങ്ങിയ ബഞ്ചാണ് വിഷയം പരിഗണിച്ചത്.

****************************

## ഗോവിന്ദച്ചാമി-ഉദ്യോഗസ്ഥ സസ്പെൻഷൻ

കണ്ണൂർ സെൻട്രൽ ജയിലിൽ നിന്ന് സൗമ്യ വധക്കേസ് പ്രതി ഗോവിന്ദച്ചാമി തടവുചാടിയ സംഭവവുമായി ബന്ധപ്പെട്ട് കണ്ണൂർ സെൻട്രൽ ജയിലിലെ നാല് ഉദ്യോഗസ്ഥർക്ക് സസ്പെൻഷൻ. സംഭവത്തെക്കുറിച്ച് വിശദമായി അന്വേഷണം നടത്താൻ ജയിൽ ഡിജിപി ബൽറാം കുമാർ ഉപാധ്യായ ഉത്തരവിട്ടു. ഇന്ന് ജയിൽ ഡിജിപിയുടെ സെൻട്രൽ ജയിൽ സന്ദർശനം നടക്കാനിരിക്കെയാണ് ഗോവിന്ദച്ചാമി ജയിൽ ചാടിയത്. ഇയാളെ പിന്നീട് തളാപ്പിൽ ആളൊഴിഞ്ഞ പുരയിടത്തിലെ കിണറ്റിൽ നിന്ന് പോലീസ് പിടികൂടുകയായിരുന്നു. പിന്നീട് കണ്ണൂർ സെൻട്രൽ ജയിലിലെത്തിച്ച് തെളിവെടുപ്പ് നടത്തിയതിനുശേഷം ഇയാളെ കോടതിയിൽ ഹാജരാക്കി. ഗോവിന്ദച്ചാമിയെ നാളെ വിയ്യൂർ സെൻട്രൽ ജയിലിലേക്ക് മാറ്റും.

PNU TVPM

****************************

## ഗോവിന്ദച്ചാമി-പ്രതിഷേധം

ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ടത്തിൽ പ്രതിഷേധമുയർത്തി പ്രതിപക്ഷ പാർട്ടികൾ. ജയിൽചാട്ടത്തിന് പിന്നിൽ ദുരൂഹതയുണ്ടെന്ന് പ്രതിപക്ഷ നേതാവ് വി ഡി സതീശൻ ആരോപിച്ചു. ജയിലിനുള്ളിൽ നിന്നും പുറത്തു നിന്നും

ഗോവിന്ദച്ചാമിക്ക് സഹായം കിട്ടിയെന്നതിൽ സംശയമില്ലെന്നും അദ്ദേഹം പറഞ്ഞു. പൊലീസ് സംവിധാനത്തിലുണ്ടായ നിലവാരത്തകർച്ച കൂടിയാണ് ഗോവിന്ദച്ചാമിയുടെ ജയിൽ ചാട്ടത്തിലൂടെ വ്യക്തമാകുന്നതെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ രാജീവ് ചന്ദ്രശേഖർ ആരോപിച്ചു. സംഭവത്തിൽ ശക്തമായ നടപടി ആവശ്യപ്പെട്ട് യുവമോർച്ച കണ്ണൂർ സെൻട്രൽ ജയിലേക്ക് മാർച്ച് നടത്തി.

*****************************

## OTT നിരോധനം

അശ്ലീല ഉള്ളടക്കങ്ങൾ പ്രദർശിപ്പിച്ചതിന്, രാജ്യത്തെ 25 OTT വെബ്സൈറ്റുകൾക്കും ആപ്പ്ളിക്കേഷനുകൾക്കും നിരോധനം ഏർപ്പെടുത്തി കേന്ദ്രസർക്കാർ. സഭ്യേതരവും, ലൈംഗിക പരവുമായ ഉള്ളടക്കങ്ങൾ നിറഞ്ഞ പ്ലാറ്റ്ഫോമുകൾക്കാണ് വാർത്ത വിതരണ പ്രക്ഷേപണ മന്ത്രാലയം നിരോധനം ഏർപ്പെടുത്തിയത്.

RNU TVPM

*****************************

## തിരുവിതാംകൂർ ദേവസ്വം ബോർഡ് ആറന്മുള വള്ളസദ്യ

ആറന്മുള വള്ളസദ്യയുമായി ബന്ധപ്പെട്ട് പള്ളിയോട സേവാ സംഘം തിരുവിതാംകൂർ ദേവസ്വം ബോർഡിനെതിരെ ഉയർത്തിയ ആരോപണം വസ്തുതാ വിരുദ്ധമാണെന്ന് ദേവസ്വം ബോർഡ്. ആറന്മുള വള്ളസദ്യയെ കച്ചവടവൽക്കരിക്കുകയല്ല മറിച്ച് ജനകീയ വൽക്കരിക്കുകയാണ് തിരുവിതാംകൂർ ദേവസ്വം ബോർഡ് ചെയ്യുതെന്നും മറുപടിയിൽ പറയുന്നു. ഭക്തരുടെ ആവശ്യം സാക്ഷാത്കരിക്കാൻ വേണ്ടിയാണ് 250 രൂപ ഈടാക്കി മുൻകൂർ കൂപ്പൺ നൽകി വള്ളസദ്യയിലെ വിഭവങ്ങൾ എല്ലാം ഉൾപ്പെടുത്തിയ സദ്യ ക്ഷേത്ര സന്നിധിയിൽ വച്ച്

നൽകാൻ ദേവസ്വം ബോർഡ് തീരുമാനിച്ചത്. 250 രൂപയും പള്ളിയോട സേവാ സംഘത്തിന് തന്നെ നൽകുന്ന രീതിയിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നതെന്നും ദേവസ്വം ബോർഡ് അറിയിച്ചു. അതേസമയം പാരമ്പര്യം തെറ്റിച്ചുള്ള വള്ളസദ്യ അംഗീകരിക്കാനാകില്ലെന്നും തീരുമാനം ദേവസ്വം ബോർഡ് പുന:പരിശോധിക്കണമെന്നും വ്യക്തമാക്കി പള്ളിയോട സേവാസംഘം വള്ളപാട്ടുപാടി പ്രതിഷേധ പ്രകടനം നടത്തി.

***************************

## ടാങ്കർ ലോറി (ഇൻട്രോ)

കാഞ്ഞങ്ങാട് മറിഞ്ഞ ഗ്യാസ് ടാങ്കർ ലോറി ഉയർത്തുന്നതിനിടെ ക്രെയിൻ തട്ടി ടാങ്കറിൻറെ വാൾവ് പൊട്ടി വാതക ചോർച്ച. പരിസര പ്രദേശത്ത് നിന്നും ആളുകളെ മാറ്റി.

**വിശദാംശങ്ങളുമായി ആകാശവാണി കാസർഗോഡ് ജില്ലാപ്രതിനിധി പി. ജഗന്നിവാസൻ.**

**(വോയിസ്)**

RNUTVPM

***************************

## സപ്ലൈകോ-വിലക്കുറവ്

ഓണത്തിന് മുന്നോടിയായി സപ്ലൈകോ വില്പനശാലകളിൽ ഉൽപ്പന്നങ്ങൾക്ക് വൻ വിലക്കുറവ്. ഈ മാസം 31 വരെ ഹാപ്പി അവേഴ്സ് എന്ന പേരിൽ ഉച്ചയ്ക്ക് രണ്ടു മുതൽ നാലു വരെയാണ് തെരഞ്ഞെടുത്ത സബ്സിഡി ഇതര ഭക്ഷ്യവസ്തുക്കൾക്ക് വിലക്കുറവ് നൽകുന്നത്. സപ്ലൈകോയിൽ സാധാരണ ലഭിക്കുന്ന വിലക്കുറവിനെക്കാൾ 10 ശതമാനം വരെ അധിക വിലക്കുറവ് വിവിധ ഉൽപ്പന്നങ്ങൾക്ക് ലഭിക്കും.

***************************

## കോഴിക്കോട് - കയാക്കിംഗ് (ഇൻട്രോ)

ഏഷ്യയിലെ ഏറ്റവും വലിയ വൈറ്റ് വാട്ടർ കയാക്കിങ് ചാമ്പ്യൻഷിപ്പിന് കോടഞ്ചേരി പഞ്ചായത്തിലെ ചാലിപ്പുഴയിൽ തുടക്കമായി. കേരള ടൂറിസം വകുപ്പിന്റെ ആഭിമുഖ്യത്തിൽ കേരള അഡ്വഞ്ചർ ടൂറിസം പ്രമോഷൻ സൊസൈറ്റി, ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ, ത്രിതല പഞ്ചായത്തുകൾ എന്നിവ ഇന്ത്യൻ കയാക്കിങ് ആൻഡ് കനോയിങ് അസോസിയേഷന്റെ സാങ്കേതിക സഹായത്തോടെയാണ് പരിപാടി സംഘടിപ്പിക്കുന്നത്.

വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു.

(വോയിസ്)

RNU TVPM

*************************

## ആർഎസ്എസ്

ശിക്ഷ സംസ്കൃതി ഉത്ഥാൻ ന്യാസിന്റെ ദേശീയ വിദ്യാഭ്യാസ സമ്മേളനമായ ജ്ഞാനസഭയ്ക്ക് പിറവം വെളിയനാട് ആദിശങ്കരനിലയത്തിൽ ഇന്ന് തുടക്കം. നാല് ദിവസത്തെ ജ്ഞാനസഭയിൽ ആർഎസ്എസ് സർസംഘചാലക് മോഹൻ ഭാഗവത് പങ്കെടുക്കുന്നുണ്ട്.

*************************

## മഴ

സംസ്ഥാനത്ത് അതി ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥ വകുപ്പ്. കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, ഇടുക്കി, തൃശൂർ ജില്ലകളിൽ ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയാണ്.

നാളെയും 7 ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതയും നൽകിയിട്ടുണ്ട്. കേരള കർണാടക ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 28 വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. ആലപ്പുഴ, കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തീരങ്ങളിൽ മറ്റന്നാൾ രാത്രി 8.30 വരെ ഉയർന്ന തിരമാലയ്ക്കും കടലാക്രമണത്തിനും സാധ്യതയുണ്ട്.

**************************

## ക്രിക്കറ്റ്

മാഞ്ചസ്റ്റർ ക്രിക്കറ്റ് ടെസ്റ്റിൽ ഇംഗ്ലണ്ടിൻറെ ഒന്നാം ഇന്നിങ്സ് ബാറ്റിങ്ങ് പുരോഗമിക്കുന്നു. ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ 4 വിക്കറ്റ് നഷ്ടത്തിൽ 353 റൺസ് എന്ന നിലയിലാണ് ഇംഗ്ലണ്ട്. 358 റൺസാണ് ഇന്ത്യ ഒന്നാം ഇന്നിംഗ്സിൽ നേടിയത്.

PNU TVPM

**************************

## മൻ കീ ബാത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി 'മൻ കീ ബാത്' ഈ മാസം 27 ന് രാവിലെ 11 മണിക്ക്. പരിപാടിയുടെ 124 -ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളും ദൂരദർശനും മൻ കി ബാത്ത് തത്സമയം പ്രക്ഷേപണം ചെയ്യും. മലയാള പരിഭാഷയും തുടർന്ന് കേൾക്കാം.

*****************************************************

**************************